എനർജി മാനേജ്മെന്റ്
സെന്റർ ന്യൂസ്‌ലെറ്റർ

# ഊർജ്ജപത്രിക

Oorja Pathrika | A Newsletter from Energy Management Centre- Kerala

വാല്യം- 3, ലക്കം 04 | 2022 ഏപ്രിൽ 05

## 'സ്റ്റാന്റേർഡ്സ് ആന്റ് ലേബലിംഗ്' ശിൽപ്പശാല സംഘടിപ്പിച്ചു




ഇലക്ട്രിക്കൽ ഹോം അപ്ലയൻസസ് വിൽപ്പനക്കാർക്കായി 'സ്റ്റാന്റേർഡ്സ് ആന്റ് ലേബലിംഗ്' വിഷയത്തിൽ ശിൽപ്പശാല സംഘടിപ്പിച്ചു. 2022 മാർച്ച് 18 ന് ഹോളിഡെ ഇന്നിൽ വച്ചു നടന്ന ശിൽപശാല എറണാകുളം എം.പി ശ്രീ. ഹൈബി ഈഡൻ ഉദ്ഘാടനം ചെയ്തു. എനർജി മാനേജ്മെന്റ് സെന്ററും, കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിലും സംയുക്തമായാണ് പരിപാടി സംഘടിപ്പിച്ചത്.

ഉദ്ഘാടന ചടങ്ങിൽ എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ ഡോ. ആർ. ഹരികുമാർ, പ്രോഡക്ടിവിറ്റി കൗൺസിൽ ചെയർമാൻ ശ്രീ. ജോർജ്ജ്, സ്ലീബ ബിസ്സി ഗ്രൂപ്പ് ചെയർമാൻ ശ്രീ. വി. എ. യൂസഫ്, ഇലക്ട്രിക്കൽ ട്രേയ്ഡേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ശ്രീ. കെ. സി. തോമസ്, ഡീലേഴ്സ് അസോസിയേഷൻ ഓഫ് ടിവി ആന്റ് അപ്ലയൻസസ് ജില്ല പ്രസിഡന്റ് ബൈജു ജോർജ്, പ്രൊഡക്ടിവിറ്റി കൗൺസിൽ ഓണററി സെക്രട്ടറി ശ്രീ. എ. ആർ. സതീശ് എന്നിവർ സംസാരിച്ചു.

ഉദ്ഘാടനത്തിനു ശേഷം നടന്ന ടെക്നിക്കൽ സെഷനിൽ ഇ.എം.സിയുടെ എനർജി എഫ്യൻസി വിഭാഗം തലവൻ ശ്രീ. ജോൺസൺ ഡാനിയൽ, രജിസ്ട്രാർ ശ്രീ. സുഭാഷ് ബാബു എന്നിവരും, പ്രോഡക്ടിവിറ്റി കൗൺസിൽ ജോയിന്റ് ഡയറക്ടർ ശ്രീ. കെ. എം. ഷാനവാസ്, എനർജി ഓഡിറ്റർ ശ്രീ. സുരേഷ് ബാബു, ഹിറ്റാച്ചി കേരള പ്രതിനിധി ശ്രീ. രമേശ് രാമകൃഷ്ണൻ എന്നിവരും അവതരണങ്ങൾ നടത്തി.

## 'ചൈതന്യം പദ്ധതി'; സർക്കാർ ആശുപത്രികൾ ഊർജ്ജ കാര്യക്ഷമതയിലേക്ക്

സർക്കാർ ആശുപത്രികളിലെ ഊർജ്ജ കാര്യക്ഷമത വർധിപ്പിക്കുന്നതിന്റെ ഭാഗമായി എനർജി മാനേജ്മെന്റ് സെന്റർ നടപ്പിലാക്കി വരുന്ന 'ചൈതന്യം പദ്ധതി' തിരുവനന്തപുരം റീജിയണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഒഫ്താൽമോളജിയിൽ പൂർത്തീകരിച്ചു. ഊർജ്ജകാര്യക്ഷമത കുറഞ്ഞതും കാലപ്പഴക്കം ചെന്നതുമായ വൈദ്യുത ഉപകരണങ്ങൾ മാറ്റി ഊർജ്ജ കാര്യക്ഷമമായ ഉപകരണങ്ങൾ സ്ഥാപിക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്.

ഇതിന്റെ ഭാഗമായി ഊർജ്ജ കാര്യക്ഷമത കുറഞ്ഞ ട്യൂബ് ലൈറ്റുകൾക്കും സി.എഫ്.എല്ലുകൾക്കും പകരം ഊർജ്ജകാര്യക്ഷമമായ 560 എൽ.ഇ.ഡി. ട്യൂബുകൾ, 78 എൽ.ഇ.ഡി. ബൾബ്, 2 എൽ.ഇ.ഡി. തെരുവുവിളക്കുകളും സ്ഥാപിച്ചു.

ഇതോടൊപ്പം കാലപ്പഴക്കം ചെന്നതും ഊർജ്ജ കാര്യക്ഷമമല്ലാത്തതുമായ 200 സീലിംഗ് ഫാനുകൾ മാറ്റി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുടെ സ്റ്റാർ റേറ്റിംഗുള്ള ഫാനുകൾ സ്ഥാപിച്ചു.



ചൈതന്യം പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച ഊർജ്ജ കാര്യക്ഷമമായ LED ലൈറ്റുകളും ഫാനുകളും




# രാജ്യത്തെ ആദ്യ ഹൈഡ്രജൻ കാർ പുറത്തിറങ്ങി

ഹൈഡ്രജൻ ഇന്ധനമായി ഉപയോഗിച്ച പ്രവർത്തിക്കുന്ന രാജ്യത്തെ ആദ്യ കാർ കേന്ദ്രഗതഗതവകുപ്പ മന്ത്രി ശ്രീ. നിതിൻ ഗഡ്കരി ലോഞ്ച് ചെയ്തു. ഒറ്റ ചാർജിൽ 650 കിലോമീറ്റർ ദൂരം സഞ്ചരിക്കാവുന്ന ടൊയോട്ട മിറായ് എന്ന വാഹനമാണ് പുറത്തിറക്കിയത്. ടൊയോട്ട കിർലോസ്കർ മോട്ടോർസ് ആണ് വാഹനം നിർമ്മിച്ച് പുറത്തിറക്കിയത്.

രാജ്യത്തെ ഇത്തരത്തിലുള്ള ആദ്യ പദ്ധതിയാണിതെന്ന് മന്ത്രി പറഞ്ഞു. തീർത്തും പരിസ്ഥിതിസൗഹൃദ വാഹനമാണിത്. എക്സ്ഹോസ്റ്റ് പൈപ്പിലൂടെ വെള്ളമല്ലാതെ മറ്റൊന്നും പുറത്തുവരില്ല.

ഹൈഡ്രജനും ഓക്സിജനും സംയോജിപ്പിച്ച് വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഫ്യൂവൽ സെൽ സാങ്കേതിക വിദ്യയാണ് ഈ വാഹനത്തിൽ ഉപയോഗിച്ചിട്ടുള്ളത്. ഹൈപ്രഷർ ഹൈഡ്രജൻ ഫ്യുവൽ ടാങ്കാണ് ഈ വാഹനത്തിൽ നൽകിയിട്ടുള്ളത്. സാധരണ ഇലക്ട്രിക് കാറുകളുമായി താരതമ്യം ചെയ്യുമ്പോൾ 30 മടങ്ങ് വലിപ്പംകുറഞ്ഞ ബാറ്ററിയാണ് ഈ വാഹനത്തിൽ ഉപയോഗിച്ചിട്ടുള്ളത്.

# എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് റൂൾസ് വെബിനാർ സംഘടിപ്പിച്ചു

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന എനർജി എഫിഷെന്റ് ബിൽഡിംഗ് സെല്ലിന്റെ (ഇ.ഇ.ബി. സെൽ) പ്രവർത്തനങ്ങളുടെ ഭാഗമായി മാർച്ച് 18,19 തീയതികളിൽ "എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് റൂൾസ് " എന്ന വിഷയത്തിൽ വെബിനാർ സംഘടിപ്പിച്ചു. ശ്രീ. അർപ്പൺ പാൽ (ഇ.സി.ബി.സി. മാസ്റ്റർ ട്രൈനർ) ക്ലാസ്സുകൾ കൈകാര്യം ചെയ്തു.

വാണിജ്യ കെട്ടിടങ്ങളിലെ ഊർജ്ജസംരക്ഷണം എങ്ങിനെ കൈവരിക്കാം എന്ന വിഷയത്തിൽ കേരളത്തിൽ പ്രാബല്യത്തിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ ഊർജ്ജസംരക്ഷണ നിയമാവലിയായ ഇ.സി.ബി.സി. 2017, കെരള സ്റ്റേറ്റ് എനർജി കൺസേർവഷൻ ബിൽഡിംഗ് കോഡ് റൂൾസ് 2017 എന്നിവയെ മുൻ നിർത്തി ശ്രീ. അർപ്പൺ പാൽ വിശദീകരിച്ചു.



വെബിനാറിൽ കേരളത്തിലെ വിവിധ മുനിസിപ്പാലിറ്റികളിൽ നിന്നും കോർപറേഷനുകളിൽ നിന്നുമുള്ള എൻജിനീയർമാർ, ഓവർസിയർമാർ, സെക്രട്ടറിമാർ എന്നിവരുടെ സാന്നിധ്യം ഉണ്ടായിരുന്നു. പരിപാടിയിൽ ആകെ 50 പേർ പരിപാടിയിൽ പങ്കെടുത്തു.



# ഞങ്ങളും കൃഷിയിലേക്ക് പദ്ധതി ഇ.എം.സിയിൽ ആരംഭിച്ചു

പച്ചക്കറിക്കൃഷിയിൽ സ്വയംപര്യാപ്തത കൈവരിക്കുകയും സുരക്ഷിത ഭക്ഷണം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടും കൂടി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ഞങ്ങളും കൃഷിയിലേക്ക് എന്ന പദ്ധതിക്ക് എനർജി മാനേജ്മെന്റ് സെന്ററിൽ തുടക്കമായി. ഇ എം സി യും ഉള്ളൂർ കാർഷിക കർമ്മസേനയും ചേർന്നാണ് കൃഷിക്ക് തുടക്കമിട്ടത്.

ഇതിന്റെ ഔപചാരിക ഉദ്ഘാടനം 2022 ഏപ്രിൽ 1 ന് ഇ.എം.സി ഡയറക്ടർ ഡോ. ആർ ഹരികുമാർ ഇ.എം.സിയുടെ കൃഷിയിടത്തിൽ പച്ചക്കറിത്തൈ നട്ടുകൊണ്ട് നിർവ്വഹിച്ചു. കാർഷിക കർമ്മസേന കോർഡിനേറ്റർ ശ്രീ. ബിനു ജി. നായർ, ഉള്ളൂർ കൃഷി ഭവൻ അസിസ്റ്റന്റ് കൃഷി ഓഫീസർ ശ്രീ. സുരേഷ് കുമാർ എം, കർമ്മസേനയിലെ അംഗങ്ങൾ, ഇ.എം.സി ജീവനക്കാർ എന്നിവർ കൃഷിയിടത്തിൽ അന്നേദിവസം കൃഷിയിടത്തിൽ പച്ചക്കറിത്തൈകൾ നട്ടു.

വഴുതന, തക്കാളി, പച്ചമുളക്, പയർ എന്നീ ഇനങ്ങളാണ് കൃഷി ചെയ്യുന്നത്. ജീവനക്കാർക്ക് വിഷരഹിതമായ ജൈവ പച്ചക്കറി ലഭ്യമാക്കുകയും ഇ.എം.സി. കാമ്പസ് ഹരിതാഭമായി നിലനിർത്തുകയുമാണ് ഈ കൃഷിയുടെ ലക്ഷ്യം.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു

ഹൈഡ്രോകൈനറ്റിക്ക് സാങ്കേതികവിദ്യ ഉപയോഗിച്ച് ചെറുകിട ജലവൈദ്യുതപദ്ധതികൾ സ്ഥാപിക്കുന്നതിനായി ടെണ്ടർ ക്ഷണിച്ചു. പാലക്കാട് ജില്ലയിലെ മൂലത്തറ ലെഫ്റ്റ് ബാങ്ക് കനാലിൽ 25 കിലോവാട്ട് വീതം ശേഷിയുള്ള 2 പദ്ധതികൾ നടപ്പിലാക്കുന്നതിനാണ് ടെണ്ടർ ക്ഷണിച്ചത്. 2022 എപ്രിൽ 30 ആണ് ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതി.

കൂടാതെ ലോവർ വട്ടപ്പാറ ചെറുകിട ജലവൈദ്യുത പദ്ധതിക്കായി ഡീറ്റെയ്ൽഡ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

കൂടുതൽ വിവരങ്ങൾക്ക് എനർജി മാനേജ്മെന്റ് സെന്റർ വെബ്സൈറ്റ്, കേരള സർക്കാർ ഇ-ടെണ്ടർ വെബ്സൈറ്റ് എന്നിവ സന്ദർശിക്കുക.

# EESL, BEE Signed Agreement to Demonstrate Energy Efficiency Projects in Industrial Units

Energy Efficiency Services Ltd has signed an agreement with Bureau of Energy Efficiency to Demonstrate Energy Efficiency Projects (DEEP) in industrial units, under the PAT (Perform Achieve Trade) scheme. The agreement has been signed to improve energy efficiency in the industry through the demonstration of energy-efficient technologies.

The Bureau of Energy Efficiency has provided a grant of Rs 64 crore to EESL for the execution of the project. The project will be implemented in two phases. The phase-I will demonstrate about eight innovative energy-efficient technologies, while phase II will aggregate the demand for the successfully demonstrated technologies across the sectors.



Through this partnership, EESL and BEE will jointly work under the aegis of Ministry of Power, towards supporting the PAT industries by creating an ecosystem, which will not only help them in meeting their allocated Specific Energy Consumption (SEC) reduction targets but also facilitate the market transformation for innovative technologies.

For more: https://bit.ly/3jazALa

# ’വ്യവസായ മേഖലയിലെ ഊർജ്ജസംരക്ഷണം’ ശിൽപ്പശാലകൾ സംഘടിപ്പിച്ചു

വ്യവസായ രംഗത്തെ ഊർജ്ജസംരക്ഷണവും ഊർജ്ജകാര്യക്ഷമതയും മുൻനിർത്തി വ്യവസായ പാർക്കുകളും, വ്യവസായ ക്ലസ്റ്ററുകളും കേന്ദ്രീകരിച്ച് ശിൽപശാലകൾ സംഘടിപ്പിച്ചു. വ്യവസായ പാർക്കുകളിൽ വച്ചുനടന്ന പരിപാടി എനർജി മാനേജ്മെന്റ് സെന്ററും കേരള സ്റ്റേറ്റ് പ്രോഡക്ടിവിറ്റി കൗൺസിലും ചേർന്നും ഇന്റസ്ട്രിയൽ ക്ലസ്റ്ററുകൾ കേന്ദ്രീകരിച്ചു നടന്ന പരിപാടി എനർജി മാനേജ്മെന്റ് സെന്ററും ഫെഡറേഷൻ ഓഫ് ഇന്ത്യൻ ചേംബേഴ്സ് ഓഫ് കൊമേഴ്സ് ആന്റ് ഇന്റസ്ട്രിയുമായി ചേർന്നുമാണ് സംഘടിപ്പിച്ചത്.



2022 മാർച്ച് 24 ന് എറണാകുളത്ത് ഹോട്ടൽ ആന്റ് റസ്റ്റോറന്റ് ക്ലസ്റ്ററിനുവേണ്ടി നടത്തിയ ശിൽപ്പശാല



2022 മാർച്ച് 22 ന് കൊച്ചുവേളി ഇന്റസ്ട്രിയൽ എസ്റ്റേറ്റിൽ വച്ചു നടന്ന ശിൽപ്പശാല



2022 മാർച്ച് 8 ന് അത്താണി ഡെവലപ്മെന്റ് പ്ലോട്ട് മാനുഫാക്ചേഴ്സ് അസോസിയേഷനിൽ വച്ചു നടന്ന ശിൽപ്പശാല


2022 മാർച്ച് 15 ന് തൃശ്ശൂർ എം.എസ്.എം.ഇ ഇൻസ്റ്റിട്യൂട്ടിൽ വച്ചു നടന്ന ശിൽപ്പശാല



2022 മാർച്ച് 25 ന് നെല്ലാട് ഇന്റസ്ട്രിയൽ പാർക്കിൽ വച്ചു നടന്ന ശിൽപ്പശാല



2022 മാർച്ച് 23 ന് ഇടയാർ ഇന്റസ്ട്രിയൽ പാർക്കിൽ വച്ചു നടന്ന ശിൽപ്പശാല



Published by **Dr. R. Harikumar**, Director, EMC

Editorial board
Dr. R. Harikumar (Chief Editor)
Er. Dinesh Kumar A. N. (Editor)
Er. Ijas M. A. (Member)
Er. Tomson Sebastian (Member)
Ms. Kumari Sheela (Circulation)

**Energy Management Centre – Kerala**
Department of Power, Government of Kerala
Sreekrishna Nagar, Sreekariyam. P.O
Thiruvananthapuram – 695017
Tel: 0471-2495922, 24, Fax 0471-2494923
www.keralaenergy.gov.in
Toll Free No. 1800 425 5256